കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 26.11.2018-ലെ ബഹു. സുപ്രീംകോടതിയുടെ SLP(C)No.27604/2017-ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അധിവർഷത്തിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള അനുമതി സമാന കേസുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

സ.ഉ(അച്ചടി) നം.102/2019/ധന തിരുവനന്തപുരം, തീയതി 14.08.2019

---

പരാമർശം :- 1. ബഹു. കേരള ഹൈക്കോടതിയുടെ 22.09.2015-ലെ WP(C)10405/2009-ന്മേലുള്ള വിധിന്യായം.
2. ബഹു. കേരള ഹൈക്കോടതിയുടെ 17.07.2017-ലെ WA 146/2016-ന്മേലുള്ള വിധിന്യായം.
3. ബഹു. സുപ്രീം കോടതിയുടെ 26.11.2018-ലെ SLP(C)No.27604/2017-ന്മേലുള്ള വിധിന്യായം.

**ഉത്തരവ്**

അധിവർഷങ്ങളിലെ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ എം.വി. മത്തായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)10405/2009 നമ്പർ ഹർജിയിൽ അനുകൂല വിധി നേടുകയും ആയതിനെതിരെ സർക്കാർ 146/2016 നമ്പരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. 17.07.2017-ലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി ടി റിട്ട് അപ്പീൽ തള്ളിയതിനെ തുടർന്ന് പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ SLP(C)No.27604/2017 ഫയൽ ചെയ്യുകയും 26.11.2018-ലെ ബഹു. സുപ്രീം കോടതിയുടെ ചുവടെ ചേർക്കുന്ന വിധിന്യായ പ്രകാരം കേസ് തള്ളുകയും ചെയ്തിട്ടുണ്ട്.

"On the peculiar facts of this case, we are not inclined to entertain this petition. The special leave petition is accordingly dismissed."

2. ബഹു. സുപ്രീം കോടതിയുടെ 26.11.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സേവന കാലയളവിനുള്ളിലെ അധിവർഷങ്ങളിലെ അധിക ദിവസങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ബഹു. ഹൈക്കോടതിയിലും നിലനിൽക്കുന്നുണ്ട്. കൂടാതെ ഈ വിഷയത്തിൽ ധാരാളം അപേക്ഷകൾ സർക്കാരിലും ലഭ്യമായിട്ടുണ്ട്.

3. സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയുണ്ടായി പരാമർശം 3-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വിധിന്യായത്തിന്മേലുള്ള നിയമവകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം കണക്കിലെടുത്തുകൊണ്ടും സമാനമായ കേസുകളിൽ, സേവനകാലയളവിലെ അധിവർഷങ്ങളിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി/വകുപ്പ് തലവനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

i. അധിവർഷത്തിലെ അധികദിനങ്ങൾ യോഗ്യ സേവനകാലത്തിൽ ഉൾപ്പെടുത്തുമ്പോൾ, ജീവനക്കാരൻ/പെൻഷണർ സർവ്വീസ് കാലയളവിൽ വരുന്ന അധിവർഷങ്ങളിലെ അധിക ദിനങ്ങളിൽ (ഫെബ്രുവരി 29) സേവനത്തിലുണ്ടായിരുന്നുവെന്ന് (അർഹതപ്പെട്ട അവധി ഉൾപ്പെടെ) സേവന പുസ്തകം, ഹാജർ പുസ്തകം/ശമ്പള ബിൽ രജിസ്റ്റർ/അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചാവണം ഉത്തരവ് നൽകേണ്ടത്.

ii. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും <u>ബി എസ് നകാരയും മറ്റുള്ളവരും V/s യൂണിയൻ ഓഫ് ഇന്ത്യ {1983(1)SSC 305}</u> എന്ന കേസിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പരിഗണിച്ചും ഈ ഉത്തരവിന്റെ സാമ്പത്തിക ആനുകൂല്യം ബഹു. സുപ്രീം കോടതിയുടെ ഈ വിധിന്യായത്തിന്റെ തീയതി (26.11.2018) മുതൽ അനുവദിക്കേണ്ടതാണ്.

iii. അധിവർഷത്തിലെ അധിക ദിനങ്ങളിലെ ആനുകൂല്യം ലഭിക്കുന്നതിന് വിരമിച്ച ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം അവസാനം ജോലി ചെയ്ത ഓഫീസ് മുഖാന്തിരം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കാലാവധിയ്ക്ക് ശേഷം ലഭിയ്ക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണ്.

iv. ഉത്തരവിനു ശേഷം വിരമിക്കുന്നവരുടെ കേസുകളിൽ യോഗ്യ സേവന കാലമായി പരിഗണിക്കാൻ കഴിയുന്ന അധിവർഷത്തിലെ അധിക ദിനങ്ങൾ സേവനകാലയളവിനൊപ്പം പെൻഷന് പരിഗണിച്ച് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി, പെൻഷൻ അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

v. നിലവിലുള്ള കോടതി കേസുകളിലും പുതുതായി ലഭിയ്ക്കുന്ന നിവേദനങ്ങളിലും ഉത്തരവ് തീയതിയ്ക്ക് ശേഷം വിരമിക്കുന്ന കേസുകളിലും ജീവനക്കാരന്റെ/പെൻഷണറുടെ അധിവർഷത്തിലെ അധിക ദിനങ്ങൾ സംബന്ധിച്ച് ഓഫീസ് മേധാവി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക് നൽകേണ്ടതാണ്. പെൻഷൻ പുനർനിർണ്ണയിക്കുന്നതിന്/പെൻഷന് യോഗ്യസേവനകാലമായി പരിഗണിക്കുന്നതിന് ടി സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ഖണ്ഡിക 3(i) പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിനോടൊപ്പം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സഞ്ജീവ് കൗശിക് ഐ.എ.എസ്**

**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)**

ഡിഎച്ച്എസ് കത്ത് നം Fin B4/150708/2019/HSE തീയതി 14/9/2019

മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ ആർ.സി.സി-മാരുടെയും അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി അയക്കുന്നു. അധിവർഷങ്ങളിലെ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവന കാലയളവ് പുനർനിർണ്ണയിക്കുന്ന കേസുകളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
ഡയറക്ടർക്ക് വേണ്ടി